**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3265** **01-03-2023 - ൽ മറുപടിയ്ക്ക്**

**മട്ടന്നൂർ യു.പി. സ്കൂളിനെ ഹൈസ്കൂളായി ഉയർത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | മട്ടന്നൂർ യു.പി. സ്കൂളിനെ ഹൈസ്കൂളായി ഉയർത്തുന്നത് സംബന്ധിച്ച് നൽകിയ അപേക്ഷയിന്മേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (എ) | വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ ഭാഗമായി സംസ്ഥാനത്ത് സ്കൂൾ മാപ്പിംഗ് നടത്തുകയും, വിദ്യാഭ്യാസ വിദൂര പ്രദേശങ്ങളെ ഉൾപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. വിജ്ഞാപനത്തിൽ ഉൾപ്പെട്ടിട്ടുള്ള പ്രദേശങ്ങളിലെ സ്കൂളുകളെ മാത്രമാണ് അപ്ഗ്രഡേഷന് പരിഗണിച്ചിരുന്നത്. മട്ടന്നൂർ യു. പി സ്കൂൾ ഈ വിജ്ഞാപനത്തിൽ ഉൾപ്പെട്ടിരുന്നില്ല. |
| (ബി) | സംസ്ഥാനത്ത് യു.പി. സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ വിശദമാക്കാമോ? | (ബി) | സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാനദണ്ഡങ്ങൾക്കനുസരിച്ചാണ് സംസ്ഥാനത്ത് സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നത്. എന്നാൽ നിലവിൽ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാനുള്ള നിർദ്ദേശങ്ങളൊന്നും സർക്കാർ പരിഗണിക്കുന്നില്ല. അപ്ഗ്രേഡ് ചെയ്യാനുള്ള പൊതുനയം എടുക്കുമ്പോൾ മാത്രമേ അത് സംബന്ധിച്ച മാനദണ്ഡങ്ങളും നിശ്ചയിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ